# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2482**

**01/04/2013-ൽ മറുപടിയ്ക്ക്**

## ജലദുർവിനിയോഗം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു.കുരുവിള | ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലദുർവിനിയോഗം തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | എ) **കേരള വാട്ടർ അതോറിറ്റി-** ജലദുർവിനിയോഗം തടയുന്നതിനായി അതോറിറ്റി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ ഡിവിഷൻ, സബ് ഡിവിഷൻ തലങ്ങളിൽ പ്രത്യേക ദൗത്യസംഘങ്ങളും പ്രവർത്തിച്ചു വരുന്നു. ജലദുർവിനിയോഗം സംബന്ധിച്ച് അതോറിറ്റിയുടെ ഹെൽപ്പ് ലൈൻ,ഹെൽപ്പ് ഡെസ്ക്ക് എന്നിവ മുഖേന ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും അടിയന്തിരമായി പരിശോധനയ്ക്ക് വിധേയമാക്കി നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ചില സർക്കിൾ തലങ്ങളിൽ മാധ്യമങ്ങൾ മുഖേന ബോധവത്കരണവും നടത്തുന്നുണ്ട്. |
| ബി) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഏതെല്ലാം വിധത്തിലുള്ള വിനിയോഗമാണ് ദുർവിനിയോഗമായി കണക്കാക്കുന്നത് എന്നറിയിക്കുമോ; | ബി) **കേരള വാട്ടർ അതോറിറ്റി-** കണക്ഷൻ നൽകപ്പെട്ട ആവശ്യത്തിൽ നിന്നും വ്യതിചലിച്ച് മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുക. കുടിവെള്ളം ഗാർഹികമല്ലാത്ത നിർവചനത്തിൽ വരുന്ന പൂന്തോട്ടങ്ങൾ, കൃഷി എന്നിവയ്ക്കായി ഉപയോഗിക്കുക, പൊതുടാപ്പിൽ നിന്നും ഹോസുപയോഗിച്ച് കിണറിൽ ജലം സംഭരിക്കുക, ഗാർഹിക കണക്ഷനിൽ നിന്നും കെട്ടിട നിർമ്മാണത്തിന് ജലം ഉപയോഗിക്കുക പൊതുടാപ്പുപയോഗിച്ച്, വാഹനങ്ങൾ കഴുകുക, കന്നുകാലികളെ കുളിപ്പിക്കുക, കണക്ഷൻ നിലവില്ലാത്ത വീടുകളിലേയ്ക്ക് ഹോസ് മുഖേനയോ, പൈപ്പ് മുഖേനയോ ജലം നൽകുക എന്നുള്ളവ ദുർവിനിയോഗമായി കരുതുന്നു. |
| സി) ജലം ദുർവിനിയോഗം ചെയ്യുന്നതിനുള്ള ശിക്ഷ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | സി) നിലവിലെ ചട്ടങ്ങളിൽ ഉൾപ്പെടുന്ന, ജലദുർവിനിയോഗത്തിനായുള്ള ശിക്ഷ പര്യാപ്തമാണ് എന്ന് അതോറിറ്റി കരുതുന്നു. |

സെക്ഷൻ ഓഫീസർ